ക്വാറൻറൈൻ ലംഘിച്ച മധ്യവയസ്ക്കനെതിരെ കേസെടുത്തു. കല്ലൂർക്കാട് വെള്ളാരംകുത്ത് കോളനിയിൽ തോമസ് ദേവസി (ബേബിച്ചൻ 50 ) എന്നയാൾക്കെതിരെയാണ് കല്ലൂർക്കാട് പോലീസ് എപ്പിഡമിക്ക് ഡിസീസ് ഓർഡിനൻസ് പ്രകാരം കേസെടുത്തത്. കോവിഡ് പോസിറ്റിവ് ആയ ഇയാൾ വീട്ടിൽ നിന്നും ഇറങ്ങി പുറത്തേക്ക് പോവുകയായിരുന്നു. കണ്ടെയ്ൻമെൻറ് സോണായി തിരിച്ച അതിർത്തിയും ഇയാൾ എടുത്തു കളഞ്ഞു. ക്വാറൻറൈൻ നിയന്ത്രണങ്ങൾ ലംഘിച്ചതിന് വ്യാഴാഴ്ച റൂറൽ ജില്ലയിൽ 115 കേസുകൾ രജിസ്റ്റർ ചെയ്തു. 35 പേരെ അറസ്റ്റ് ചെയ്തു. മാസ്ക്ക് ധരിക്കാത്തതിന് 1813 പേർക്കെതിരെയും, സാമൂഹ്യ അകലം പാലിക്കാത്തതിന് 1674 പേർക്കെതിരെയും നടപടി സ്വീകരിച്ചു. മൂന്നു വാഹനങ്ങൾ കണ്ടു കെട്ടി.